# അത്ഭുതവാനായ ദൈവം

## സങ്കീർത്തനം 77:14

"നീ അത്ഭുതം പ്രവർത്തിക്കുന്ന ദൈവം ആകുന്നു."

നാം പലപ്പോഴും പാടി ആരാധിക്കുന്ന ദൈവത്തിന്റെ ഒരു ഗുണവിശേഷണമാണ്, അത്ഭുതവാനായ ദൈവം എന്നുള്ളത്. നമുക്കായ് എത്രയോ മഹാത്ഭുതങ്ങൾ ദൈവം ചെയ്തിരിക്കുന്നു. ഈ അത്ഭുതവാനായ ദൈവത്തിലാണ് നാം വിശ്വസിക്കുന്നത്. അസാദ്ധ്യമെന്നുള്ളവയെ സാധ്യമാക്കുന്നതിന് അത്ഭുതം എന്നു പറയാം. മനുഷ്യന്റെ അറിവും, സാങ്കേതികവിദ്യയും, ശാസ്ത്രവുമെല്ലാം പരാജയപ്പെടുന്നിടത്ത്, അസാദ്ധ്യമെന്ന് പറഞ്ഞിടത്ത്, അവയെ സാദ്ധ്യമാക്കിത്തീർക്കുന്നതാണ് ദൈവത്തിന്റെ അത്ഭുതശക്തി. നമുക്ക് അത്ഭുതമാണെങ്കിലും ദൈവത്തിന് അത് സാധാരണ കാര്യമാണ്. ആദിയിൽ സൃഷ്ടിയുടെ കാലം മുതൽ ഇങ്ങോട്ട് നോക്കിയാൽ ദൈവത്തിന്റെ മഹാത്ഭുതങ്ങളുടെ ഒരു പരമ്പര തന്നെ നമുക്ക് കാണുവാൻ കഴിയും.

അബ്രഹാമിനെ ദൈവം വിളിക്കുമ്പോൾ തന്റെ ജീവിതത്തിൽ ഒരു തലമുറയെന്ന സ്വപ്നം അവശേഷിപ്പിച്ച് വാർദ്ധക്യത്തിന്റെ അവസ്ഥയിലൂടെ കടന്നു പോകുകയായിരുന്നു എന്നു നമുക്കറിയാം. ലോകപരമായി നോക്കിയാൽ എല്ലാ പ്രതീക്ഷകളും അസ്തമിച്ചിടത്ത്, ദൈവം അവർക്ക് തലമുറയെ ദാനമായി നൽകുന്നു. അതുകൊണ്ടാണ് വചനം പറയുന്നത്, "ഇല്ലാത്തതിനെ ഉള്ളതു പോലെ വിളിക്കുന്ന ദൈവം" എന്ന്. ദൈവത്തിന്റെ ശക്തിയെ നമുക്ക് അളക്കാൻ ആവുകയില്ല. യേശു ചെയ്തിട്ടുള്ള ഓരോ അത്ഭുതങ്ങളും ദൈവത്തിന്റെ ശക്തിയും മഹത്വവും വെളിപ്പെടുത്തുന്നവ ആയിരുന്നു. ദൈവം അത്ഭുതം ചെയ്യുന്നത് ഒരു മാന്ത്രികൻ ചെപ്പടിവിദ്യ കാണിക്കുന്നതു പോലെയല്ല. കൈയ്യടികിട്ടാനും, പ്രസിദ്ധി നേടാനും, ഉപജീവനിത്തിനുമൊക്കെ വേണ്ടിയാണ് ഒരു മാന്ത്രികൻ തന്റെ മാന്ത്രിക വിദ്യകൾ മറ്റുള്ളവരുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത്. എന്നാൽ ദൈവം തന്റെ അത്ഭുതങ്ങളാൽ ജനത്തിന് വിടുതൽ നൽകുന്നു. ദൈവീക സംരക്ഷണം നൽകുന്നു. ജീവിതം നശിച്ചിടത്തു നിന്ന് ഉദ്ധാരണവും വിടുതലും നൽകുന്നു. പ്രതീക്ഷകൾ അവസാനിച്ചിടത്തു നിന്ന് പ്രത്യാശയിലേക്ക് മടക്കിക്കൊണ്ടുവരുന്നു. യിസ്രയേൽ മക്കളെ മിസ്രയീമിൽ നിന്നു തിരികെ കൊണ്ടുവരുന്നതു തന്നെ ഈ ദൈവീകാത്ഭുതത്തിന്റെ ഏറ്റവും വലിയ സാക്ഷ്യമാണ്. എല്ലാ പ്രതീക്ഷയും നശിച്ച് ചെങ്കടലിന്റെ മുമ്പിൽ മരണം മുന്നിൽ കണ്ടവരായിരുന്ന ജനത്തെ അത്ഭുതപ്പെടുത്തിക്കൊണ്ട് ദൈവം കടലിനെ വിഭാഗിച്ചു, അവർക്ക് വഴിയൊരുക്കി.

നമ്മുടെ ജീവിതത്തിൽ ഇനിയും അത്ഭുതങ്ങൾ ചെയ്യാൻ നമ്മുടെ ദൈവത്തിന് കഴിയും. തകർച്ചകളിൽ നിന്ന് ഉദ്ധരിക്കാൻ ദൈവം അവന്റെ അത്ഭുതങ്ങൾ ഇനിയും നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുക തന്നെ ചെയ്യും. നമ്മെത്തന്നെ ഒരത്ഭുതമാക്കാൻ ദൈവത്തിന് കഴിയും. ദൈവത്തിന്റെ മഹാശക്തിയെ വിശ്വസിച്ച് ദൈവത്തിന് സകലവും സാധ്യമെന്നറിഞ്ഞ് അവനിൽ പരിപൂർണ്ണമായി വിശ്വസിക്കുക. ദൈവകരം നമുക്കായ് അത്ഭുതം പ്രവർത്തിക്കട്ടെ. ദൈവത്തിന് നാം വിലയേറിയവരാണെന്ന് നമുക്ക് ബോധ്യമാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

സങ്കീർത്തനങ്ങൾ 72:18

താൻ മാത്രം അത്ഭുതങ്ങളെ ചെയ്യുന്നവനായി യിസ്രായേലിന്റെ ദൈവമായി യഹോവയായ ദൈവം വാഴ്ത്തപ്പെടുമാറാകാട്ടെ.

ബ്രദർ. ബിനു ബേബി ആലപ്പുഴ 137